**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5112** **02-11-2021 - ൽ മറുപടിയ്ക്ക്**

**രണ്ടാം കുട്ടനാട് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ; | (എ) | പ്രളയാനന്തര കുട്ടനാടിന്റെ സമഗ്ര വികസനത്തിനായി പ്രത്യേക പദ്ധതി രണ്ടാം കുട്ടനാട് പാക്കേജ് എന്ന പേരിൽ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പ്രത്യേക പരിഗണനയിലാണ്. രണ്ടാം കുട്ടനാട് പാക്കേജ് നടപ്പിലാക്കുമ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച് കുട്ടനാട്ടിലെ കർഷകരുമായി വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതായിരിക്കും. |
| (ബി) | പുഞ്ചകൃഷിയുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന കൂലി പ്രശ്നം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | വ്യവസായ വകുപ്പ് കുട്ടനാട് ഐ ആർ സി മീറ്റിംഗ് വിളിച്ചു ചേർത്ത് പ്രശ്ന പരിഹരിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഗ്രേറ്റർ കുട്ടനാട് വികസന അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | നിലവിൽ പരിഗണനയിലില്ല . |
| (ഡി) | സബ്സിഡികളിൽ വ്യക്തത വരുത്തുന്നതിനും കർഷകരുടെ കൈകാര്യ ചെലവ് പൂർണ്ണമായും നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 2020-21 വർഷം വരെ മില്ലുടമകൾ ആണ് നെല്ല് സംഭരണത്തിനുള്ള കൈകാര്യ ചെലവ് നൽകിയിരുന്നത്. ഈ വർഷം മുതൽ ടി തുക സപ്ലൈകോയിൽ നിന്ന് നേരിട്ട് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ